POORNA
SINCE 1966

# കഥ ഉണ്ടായ കഥ

രചന: ഡോ. കെ. ശ്രീകുമാർ
ചിത്രീകരണം: ടി. ആർ. രാജേഷ്

028.51
SRE/15
5224

# കഥ ഉണ്ടായ കഥ

രചന: ഡോ. കെ. ശ്രീകുമാർ
ചിത്രീകരണം: ടി. ആർ. രാജേഷ്

PVG
CHEMMARAVAYAL
5224

5224
028.51
SRE/K




പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്
കോഴിക്കോട് | കല്പറ്റ | തിരുവനന്തപുരം

ചെമ്മരവയൽ, പി. ഒ. മൊട്ടമ്മൽ
രജി. നമ്പർ 13 KNR 5707



പണ്ടുപണ്ടൊരു അറുപിശുക്കൻ കുട്ടിയുണ്ടായിരുന്നു.
അവന്റെ പെരുവയറോ, ഇപ്പോൾ പൊട്ടുമെന്ന മട്ടിൽ വീർത്തിരുന്നു.



8081.068
(SRC/K) KAD
5224


ആ പെരുവയറ്റിലാണ്
ലോകത്തെ
കഥകളെല്ലാം
ഞെങ്ങിഞെരുങ്ങി
കഴിഞ്ഞത്!



“ചങ്ങാതീ,
ഒരു കൊച്ചുകഥ പറഞ്ഞുതരാമോ?”
അയലത്തെ കുട്ടികൾ
പിശുക്കൻ കുട്ടിയോട് ചോദിച്ചു.

“കഥ പോയിട്ട് ‘ക’പോലും പറഞ്ഞുതരില്ല.”
കോലൊടിച്ചിട്ടു പിശുക്കൻ കുട്ടി.





കരഞ്ഞു കലങ്ങിയ കണ്ണുകളോടെ
തിരിച്ചുപോയി കുട്ടികൾ.
അതുകണ്ട് വയറു കുലുക്കിച്ചിരിച്ചു
പിശുക്കൻ കുട്ടി.




അറുപിശുക്കൻ കുട്ടി വളർന്നൊരു യുവാവായി.
പെരുവയറും വളർന്നു, അതിനൊപ്പം !

‘‘ചേട്ടാ, ഒരു കഥ പറഞ്ഞു കേൾപ്പിക്കാമോ ഞങ്ങളെ?’’
അയൽവാസിക്കുട്ടികൾ കെഞ്ചി.




‘‘ആ വെള്ളമങ്ങ് വാങ്ങിവെച്ചോ. കഥ പറയില്ല.’’
അറുപിശുക്കൻ അറ്റകൈയ്ക്ക് ഉപ്പു തേയ്ക്കുമോ?



കണ്ണു നിറഞ്ഞ്, നെഞ്ചു കലങ്ങി കുട്ടികൾക്ക്.
സങ്കടപ്പെട്ട് അവരവിടന്ന് പോയി.



അറുപിശുക്കന്റെ കറുത്ത മുടി ഒന്നാകെ നരച്ചു.
പെരുവയറും വളർന്നു തിടം വെച്ചു.






“അമ്മാവാ, ഞങ്ങൾക്ക് കേൾക്കാൻ ഒരു കഥ പറയാമോ?” അയൽവാസിക്കുട്ടികൾ താണുകേണ് ചോദിച്ചു.

028.51
8081.008
(SRE/K) KAD
5224

Pin: 670 331

“കഥയില്ല, കഥകളിയുമില്ല. പൊയ്ക്കൊള്ളണം വേഗം!” അറുത്തുമുറിച്ചു പറഞ്ഞു, അറുപിശുക്കൻ.



സങ്കടം കൊണ്ട് വല്ലാതായി കുട്ടികൾ.
വന്ന വഴിക്കു തന്നെ മടങ്ങിപ്പോയി അവർ.




അറുപിശുക്കന് വയസ്സായി, വയ്യാതായി.
കയറ്റുകട്ടിലിൽ കിടന്ന കിടപ്പുമായി.




“മുത്തശ്ശാ, ഞങ്ങളോടൊരു കഥ പറയാമോ?”
അപ്പോഴും വിട്ടില്ല അയലത്തെ കുട്ടികൾ.



“കുരുത്തം കെട്ടവർ! ഒന്നു സ്വൈരം തരുന്നുണ്ടോ?”
മുട്ടൻ വടി വീശി ആട്ടിപ്പായിച്ചു അറുപിശുക്കൻ.
വിഷമം മൂത്ത് കുട്ടികളുടെ മൂക്കു ചുവന്നു.
തേങ്ങിക്കരഞ്ഞ് അവർ ഓടിപ്പോയി.





ഇതെല്ലാം കണ്ടും കേട്ടും കഥകൾക്ക് വശംകെട്ടു.
''അറുപിശുക്കൻ ചത്താൽ ഞങ്ങളും ചാവുമല്ലോ!
വയറ്റിൽനിന്ന് രക്ഷപ്പെടാനെന്താ വഴി?''
തല പുകച്ച് അവരൊരു വഴി കണ്ടെത്തി.





പെരുവയർ നെടുകെ കീറി കഥകൾ പുറത്തേയ്ക്കോടി!
അതുകണ്ട് കുട്ടികളുടെ മുഖം തെളിഞ്ഞു.



നാടൻകഥകൾ, തമാശക്കഥകൾ, പുരാണകഥകൾ,
ചരിത്രകഥകൾ, പ്രേതകഥകൾ, യക്ഷിക്കഥകൾ...
നാടായ നാട്ടിലെ കുട്ടികളുടെ മനസ്സിലേയ്ക്ക്
ഓടിയോടിക്കയറി കഥക്കൂട്ടം!

**അങ്ങനെയങ്ങനെയങ്ങനെ**
**കഥയുണ്ടായി;**
**കുട്ടികളെല്ലാം**
**കഥയുള്ളവരുമായി!**




പൂർണ പബ്ലിക്കേഷൻസ്

**സചിത്ര ബാലസാഹിത്യമാല**


## ഡോ.കെ.ശ്രീകുമാർ

എറണാകുളം ജില്ലയിലെ കണയന്നൂരിൽ ജനിച്ചു. മലയാള സാഹിത്യത്തിൽ എം.എ, എം.ഫിൽ, ബി.എഡ് ബിരുദങ്ങളും പത്രപ്രവർത്തനത്തിൽ പി.ജി. ഡിപ്ലോമയും. മലയാള സംഗീതനാടകങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിന് ഡോക്ടറേറ്റ് ബിരുദം. കാൽ നൂറ്റാണ്ടു കാലത്തെ 'മാതൃഭൂമി' ജീവിതത്തിനുശേഷം 2016-ൽ സ്വയം വിരമിച്ചു. ബൃഹദ്ഗ്രന്ഥങ്ങളടക്കം 182 പുസ്തകങ്ങളുടെ കർത്താവാണ്. കേന്ദ്ര-കേരള സാഹിത്യഅക്കാദമി അവാർഡുകളടക്കം അറുപതോളം പുരസ്കാരങ്ങൾ നേടി. ഫോൺ: 9544246473



## ടി.ആർ.രാജേഷ്

ചിത്രകാരനും അധ്യാപകനും. മികച്ച ചിത്രപുസ്തകത്തിനും ചിത്രീകരണത്തിനുമുള്ള സംസ്ഥാന പുരസ്കാരങ്ങൾ ലഭിച്ചു. എട്ട് ഏകാംഗ ചിത്രപ്രദർശനങ്ങൾ നടത്തി. അധ്യയനത്തിലെ പുതുപരീക്ഷണങ്ങളുടെ പേരിൽ ദേശീയ ബഹുമതിക്ക് അർഹനായി. കുട്ടികൾക്കായി നിരവധി ചിത്രപുസ്തകങ്ങൾക്ക് ബഹുവർണ്ണ ചിത്രങ്ങൾ രചിച്ചു. ഫോൺ: 9446059882




Design& Layout:
align.idea@gmail.com